# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2099 | 07.12.2015-ൽ മറുപടിയ്ക്ക്

**മൈക്രോ ക്രെഡിറ്റ് വായ്പാ ദുരുപയോഗ തട്ടിപ്പ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) മൈക്രോ ക്രെഡിറ്റ് വായ്പാ ദുരുപയോഗ തട്ടിപ്പ് സംബന്ധിച്ച് ലഭ്യമായ പരാതികളുടെ പൊതുസ്വഭാവം വിശദമാക്കുമോ; | (എ) മൈക്രോ ക്രെഡിറ്റ് വായ്പാ ദുരുപയോഗ തട്ടിപ്പ് സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ മൈക്രോ ഫിനാൻസ് തട്ടിപ്പുമായി ബന്ധപ്പെട്ട് 37 പരാതികൾ ലഭിച്ചിട്ടുണ്ട്. കേരള പിന്നോക്ക വികസന കോർപ്പറേഷൻ, വിവിധ ദേശസാൽകൃത /ഷെഡ്യൂൾഡ് ബാങ്കുകൾ എന്നിവയിൽ നിന്നും കുറഞ്ഞ പലിശയ്ക്ക് വായ്പ എടുത്ത് കൂടിയ പലിശയ്ക്ക് സംഘങ്ങൾക്കും, വ്യക്തികൾക്കും വിതരണം ചെയ്ത് തട്ടിപ്പ് നടത്തി എന്നുള്ളതാണ് പരാതികൾ. |
| (ബി) പ്രസ്തുത പരാതികളിൽ ആർക്കൊക്കെയെതിരെയാണ് ഇതു വരെ ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്; വിശദാംശം നൽകുമോ;<br>(സി) പ്രസ്തുത വിഷയത്തിൽ ക്രൈംബ്രാഞ്ചിന്റെയോ വിജിലൻസിന്റെയോ അന്വേഷണങ്ങൾ നടക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ബി) & (സി) എസ്.എൻ.ഡി.പി. ജനറൽ സെക്രട്ടറി ശ്രീ.വെള്ളാപ്പള്ളി നടേശൻ വിവിധ ജില്ലകളിലെ എസ്.എൻ.ഡി.പി. ശാഖ യൂണിയൻ ഭാരവാഹികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെതിരെയാണ് പ്രസ്തുത പരാതികളിൽ ആരോപണം ഉന്നയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് 19 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിലെ 3 പരാതികളിന്മേലുള്ള അന്വേഷണം ക്രൈംബ്രാഞ്ച് വിഭാഗമാണ് നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ